# സെന്റ്. ജോസഫ് തീർത്ഥാടന ദൈവാലയം

## പെരിങ്ങഴ

ലക്കം 1 | പുസ്തകം 6 | 2022





**പാരിഷ് ബുള്ളറ്റിൻ**

***ഒക്ടോബർ 2022***

# ST.JOSEPH'S PILGRIM CHURCH

## PERINGUZHA

**5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി ഒരുക്കുന്ന മെഗാക്യാമ്പ്**

# ENERGEIA 2K22



## Reaching Out To Christ's Kids

**October 03,04,05**



**ഫാ. പോൾ കാരക്കൊമ്പിൽ**

**(വികാരി)**

Ph: +91 94469 32440

# കൈക്കാരൻമാർ



**സിജി ജേക്കബ് ചേറ്റൂർ**
Ph: +91 95260 33178



**ബേബി മാത്യു നാമറ്റത്തിൽ**
Ph: +91 94005 90818

**ജയ്സൻ കാനാരിയ്ക്കൽ**

**(ദേവാലയ ശുശ്രൂഷി)**

Ph: +91 95445 85519



# പെരിങ്ങഴ തീർത്ഥാടന ഇടവക
## പാരിഷ് ബുള്ളറ്റിൻ

ലക്കം 1 | പുസ്തകം 6 | ഒക്ടോബർ 2022



### രക്ഷാധികാരി

**ഫാ. പോൾ കാരക്കൊമ്പിൽ**
Mob: +91 94469 32440

### ചീഫ് എഡിറ്റർ

**ജോർജ് പോൾ പൊരുന്നേടത്ത്**
Mob: +91 92881 64199

### മാനേജിങ് എഡിറ്റേഴ്സ്

**ഗ്രേസ് മരിയ അരയകുന്നേൽ**

**അലീന ബിജു നടുക്കുടിയിൽ**

### എഡിറ്റേഴ്സ്

**നെവിൽ മാത്യു പിട്ടാപ്പിള്ളിൽ**

**ലിറ്റോ ജെയിംസ് നീരൊലിക്കൽ**

**രഞ്ജിത് ജോർജ് പാലക്കാട്ട്**

**മെറിൻ മാത്യു പുത്തെൻപുരക്കൽ**

**ആൽബിൻ സാജു പിട്ടാപ്പിള്ളിൽ**

**സാലറ്റ് മരിയ അയ്യംകുഴക്കൽ**

## ഇതളുകൾ മറിയുമ്പോൾ

ഇടയമൊഴി

ഇടവക ഡയറി

ജപമാല വണക്കം

ഇടവക വിശേഷങ്ങൾ

രൂപതാ - സഭ വാർത്തകൾ

സംഘടനാ അറിയിപ്പുകൾ

Mission Quest

ചെറുപുഷ്പം എന്ന വി. കൊച്ചുത്രേസ്യ

ഓർമ്മകൾ

തിരുക്കർമ്മങ്ങളുടെ സമയക്രമം

കൊച്ചു കൊച്ചു വിശേഷങ്ങൾ

തിരുവചന വായനകളും അനുദിന വിശുദ്ധരും

നമ്മുടെ ദൈവാലയത്തിന്റെ കല്ലിട്ട തിരുന്നാൾ

സോഷ്യൽ മീഡിയയിൽ ഒന്നാകാം

**സെന്റ്. ജോസഫ് തീർത്ഥാടന ദൈവാലയം, പെരിങ്ങഴ –686673**
**ഫോൺ: 0485 2832840**
**ഇ-മെയിൽ: peringuzhachurch@gmail.com**

* For Private Circulation Only



# ഇടയമൊഴി

സ്നേഹമുള്ള സഹോദരങ്ങളെ,

ഇടവകയിലുള്ള എല്ലാ കുടുംബങ്ങളിലും പോകുവാനും പരിചയപ്പെടുവാനും സാധിച്ചു എന്നത് സന്തോഷത്തോടെ സ്മരിക്കുന്നു. അതിനുവേണ്ടി സഹായിച്ചവരെ നന്ദിയോടെ ഓർക്കുന്നു. ഈ മാസം കുട്ടികൾക്ക് വേണ്ടി ENERGEIA 2k22 എന്ന പേരിൽ മതാധ്യാപകരുടെയും PTA അംഗങ്ങളുടെയും നേതൃത്വത്തിൽ ക്യാമ്പ് നടത്തപ്പെടുകയാണ്. October 03, 04, 05 ദിവസങ്ങളിൽ നിങ്ങളുടെ അകമഴിഞ്ഞ സഹകരണം ഉണ്ടാകണം.

ഈ മാസം മാതാവിനായി പ്രത്യേകം സമർപ്പിക്കപ്പെട്ടിരിക്കുന്ന മാസമാണ്. ഈശോയുടെ രക്ഷാകര രഹസ്യങ്ങളെക്കുറിച്ച് ജീവിതത്തിലൂടെ അനുഭവിച്ചറിഞ്ഞ മാതാവിന്റെ മധ്യസ്ഥതയോടെ ഈ ദിവസങ്ങൾ നമുക്ക് വിശുദ്ധമായി ആചരിക്കാം. സ്വർഗ്ഗത്തിലേക്കെത്തുവാൻ വേറെ മാർഗങ്ങളൊന്നും ഇല്ലെന്നും, താൻ തന്നെയാണ് വഴിയും സത്യവും ജീവനുമെന്നും, തന്റെ ജീവിത രഹസ്യങ്ങൾ മനസ്സിലാക്കാൻ അമ്മ നിന്നെ സഹായിക്കുമെന്നും ഈശോ വാക്ക് തരുന്നു. അവന്റെ വാഗ്ദാനത്തിൽ നമുക്ക് വിശ്വസിക്കാം.

സ്നേഹാശംസകളോടെ,

ഫാ. പോൾ കാരക്കൊമ്പിൽ

വികാരി അച്ചൻ



# സെപ്റ്റംബർ 2022 ഇടവക ഡയറി

### *സെപ്റ്റംബർ 1 :*

- എട്ട് നോമ്പ് ആരംഭിച്ചു.
- ഒമ്പതാം വാർഡിലെ വീട് വെഞ്ചിരിപ്പ് നടത്തി.
- സെപ്റ്റംബർ ഒന്നാം തീയതി മുതൽ എട്ടാം തീയതി വരെ പള്ളിയിൽ ആഘോഷപൂർവ്വം ജപമാല നടത്തി.

### *സെപ്റ്റംബർ 2 :*

ആദ്യ വെള്ളിയാഴ്ച കുർബാന നടത്തി.

### *സെപ്റ്റംബർ 3 :*

ഒമ്പതാം വാർഡിലെ പ്രാർത്ഥന കൂട്ടായ്മ നടത്തി.

### *സെപ്റ്റംബർ 5 :*

വിശുദ്ധ മദർ തെരേസയുടെ തിരുന്നാൾ ആഘോഷിച്ചു.

### *സെപ്റ്റംബർ 8 :*

പരിശുദ്ധ കന്യക മറിയത്തിന്റെ പിറവി തിരുനാൾ സമുചിതമായി ആഘോഷിച്ചു.

### *സെപ്റ്റംബർ 9 :*

മുവാറ്റുപുഴ നടന്ന മിഷൻ ലീഗ് മേഖല കലോത്സവത്തിൽ പെരിങ്ങഴ ഇടവകയിൽ നിന്ന് 25-ഓളം കുട്ടികൾ പങ്കെടുത്തു.

### *സെപ്റ്റംബർ 10 :*

കെസിവൈഎം കോതമംഗലം രൂപത കലോത്സവം 'അരങ്ങ് 2022' മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് നടത്തപ്പെട്ടു.

*സെപ്റ്റംബർ 11 :*

- ചെറുപുഷ്പം മിഷൻ ലീഗ് മൂവാറ്റുപുഴ മേഖല കലോത്സവത്തിൽ സമ്മാനാർഹരായവർക്ക് രണ്ടാമത്തെ കുർബാനയ്ക്ക് ശേഷം സമ്മാനങ്ങൾ നൽകി അനുമോദിച്ചു.
- ഏലിയാ - സ്ലീവാ - മൂശാ കാലാരം ആരംഭിച്ചു.

*സെപ്റ്റംബർ 12 :*

- പരിശുദ്ധ കന്യകാമറിയത്തിന്റെ ഏറ്റവും വിശുദ്ധമായ നാമത്തിന്റെ തിരുനാൾ ആഘോഷിച്ചു.
- പതിമൂന്നാം വാർഡിലെ വീട് വെഞ്ചിരിപ്പ് നടത്തി.

*സെപ്റ്റംബർ 13 :*

- വിശുദ്ധ ജോൺ ക്രിസോസ്റ്റമിന്റെ തിരുനാൾ ആഘോഷിച്ചു.
- പതിനൊന്നാം വാർഡിലെ വെഞ്ചിരിപ്പ് നടത്തി.

*സെപ്റ്റംബർ 14 :*

- വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആഘോഷിച്ചു.
- പതിനൊന്നാം വാർഡിലെ പ്രാർത്ഥനാ കൂട്ടായ്മ നടത്തി.

*സെപ്റ്റംബർ 15 :*

- വ്യാകുല മാതാവിന്റെ തിരുനാൾ ആഘോഷിച്ചു.
- പന്ത്രണ്ടാം വാർഡിലെ വീട് വെഞ്ചിരിപ്പ് നടത്തി.

*സെപ്റ്റംബർ 16 :*

പന്ത്രണ്ടാം വാർഡിലെ വീട് വെഞ്ചിരിപ്പ് നടത്തി.

*സെപ്റ്റംബർ 17 :*

പന്ത്രണ്ടാം വാർഡിലെ പ്രാർത്ഥന കൂട്ടായ്മ നടത്തി.

*സെപ്റ്റംബർ 18 :*

- കുട്ടികളുടെ ക്യാമ്പിന്റെ പ്രചാരണത്തിന്റെ ഭാഗമായും ഫണ്ട് സമാഹരിക്കുന്നതിനുമായി രണ്ട് കുർബാനയ്ക്ക് ശേഷവും ജനകീയ ലേലം സംഘടിപ്പിച്ചു.
- രണ്ടാമത്തെ കുർബാനക്ക് ശേഷം മാതൃവേദിയുടെ മീറ്റിംഗ് നടത്തി.
- പതിമൂന്നാം വാർഡിലെ പ്രാർത്ഥനകൂട്ടായ്മ നടത്തി.

*സെപ്റ്റംബർ 19 :*

വള്ളിക്കട കപ്പേളയിൽ വിശുദ്ധ അന്തോണീസിന്റെ തിരുനാളിന് ഒരുക്കമായുള്ള നൊവേന ആരംഭിച്ചു

*സെപ്റ്റംബർ 21 :*

വിശുദ്ധ മത്തായി ശ്ലീഹയുടെ തിരുന്നാൾ ആഘോഷിച്ചു.





## *സെപ്റ്റംബർ 25 :*

- **വള്ളിക്കട കപ്പേളയിൽ വിശുദ്ധ അന്തോണീസിൻ്റെ തിരുനാൾ ഭക്ത്യാദരപൂർവ്വം ആഘോഷിച്ചു**
- **ഈ വർഷത്തെ ലോഗോസ് പരീക്ഷ മുൻ നിശ്ചയിച്ച പ്രകാരം ഉച്ചകഴിഞ്ഞ് നടന്നു.**
- **പുതിയതായി തിരഞ്ഞെടുക്കപ്പെട്ട വാർഡ് ഭാരവാഹികളുടെ ആദ്യ മീറ്റിംഗ് വൈകിട്ട് പാരിഷ് ഹാളിൽ ചേർന്നു.**

മിഷൻ ലീഗ് മുവാറ്റുപുഴ മേഖലാ കലോത്സവത്തിൽ വിജയം നേടിയ കുട്ടികൾക്ക് വികാരിയച്ചൻ സമ്മാനം വിതരണം ചെയ്യുന്നു.



# ജപമാല വണക്കം

'കൊന്ത' എന്ന വാക്കുകൊണ്ട് എണ്ണുവാൻ ഉപയോഗിക്കുന്ന ഉപകരണം എന്നു മാത്രമാണ് അർത്ഥമാക്കുന്നത്. കൊന്ത എന്ന പോർച്ചുഗീസ് പദത്തിന്, കണക്ക്, കണക്കുകൂട്ടൽ എന്നും 'കൊന്താർ', എണ്ണുക, 'കൊന്താദോ' - എണ്ണപ്പെട്ടത്; 'കൊന്താരെ' - എണ്ണുക (ഇറ്റാലിയൻ), കൊമ്പുത്താരെ - എണ്ണുക (പത്തിൽ) കൊന്തദോർ എണ്ണുന്നവൻ, (to) count എണ്ണുക എന്നും അർത്ഥമുണ്ട്. ജപങ്ങൾ എണ്ണുന്നതിന് ഉപയോഗിക്കുന്ന മണികളുടെ മാല എന്നാണു ജപമാലയ്ക്ക് ഉപയോഗിക്കുന്ന കൊന്തയുടെ അർത്ഥം. ജപമാല പ്രാർത്ഥനയ്ക്ക് ഇതു ഉപയോഗിക്കണമെന്നു നിർബന്ധമില്ല. എന്നാൽ, കൂടുതൽ ഏകാഗ്രതയോടെ ഒരു മാനസിക പ്രാർത്ഥനയായി



ഉരുവിടുന്നതിനു ജപമാല ഉപകരിക്കും. അതുപോലെതന്നെ ജപമാല മറിയത്തെ ഓർക്കുന്നതിനും മറിയത്തിന്റെ അനുഗ്രഹം ഉണ്ടാകുന്നതിനുമുള്ള ഒരു ബാഹ്യാടയാളവുമായി കരുതി വരുന്നു. ഈ ഉദ്ദേശ്യത്തോടെയാണു നവവധുവരന്മാർക്കും പ്രഥമദിവ്യകാരുണ്യം സ്വീകരിക്കുന്ന കുട്ടികൾക്കും ജപമാല സമ്മാനമായി നല്കുന്നത്.

മരിയഭക്തിക്കു തിരുസഭയോളം പഴക്കമുണ്ട്. പൗര-സ്ത്യസഭകളിൽ ആദ്യമായി രൂപപ്പെട്ട തിരുനാളുകൾ മറിയത്തിന്റേതായിരുന്നു; മറിയത്തിന്റെ സ്വർഗ്ഗാരോപണവും ജനനത്തിരുനാളും അവളോടുള്ള സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കുന്ന തിരുന്നാളുകളും ഉപവാസവും പ്രാർത്ഥനകളും ഇതിനു തെളിവാണ്. പരി. കന്യകമറിയത്തോടുള്ള ബഹുമാനത്തിന്റെ പ്രകടനമാണു കേരള ക്രൈസ്തവ കുടുംബങ്ങളിൽ ഇന്നും മുടക്കംകൂടാതെ തുടരുന്ന ജപമാല പ്രാർത്ഥന അല്ലെങ്കിൽ കൊന്ത നമസ്കാരം.



# ഇടവക വിശേഷങ്ങൾ

October **1** : വി. കൊച്ചുത്രേസ്യയുടെ തിരുനാൾ
ജപമാല മാസാരംഭം

October **3-5** : **ENERGIA 2k22** ക്യാമ്പ്

October **4** : വി. ഫ്രാൻസിസ് അസീസിയുടെ തിരുനാൾ

October **9** : മാദ്യവേദി മീറ്റിംഗ്

October **12** : (06:00 am – 06:00 pm) കേരളാ കത്തോലിക്കാ സഭാ നവീകരണ ആരാധന ദിനം

October **15** : വാ. തേവർപറമ്പിൽ കുഞ്ഞച്ചന്റെ തിരുനാൾ

October **18** : വി. ലൂക്കയുടെ തിരുനാൾ

October **22** : വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ തിരുനാൾ

October **23** : മിഷൻ സൺഡേ
KCYM മീറ്റിംഗ്

October **28** : വി. യൂദാ തദ്ദേവൂസിന്റെ തിരുനാൾ

October **30** : വി. യൂദാ തദ്ദേവൂസിന്റെ തിരുനാൾ കുർബാന

## ജപമാല മാസത്തെ തിരുകർമ്മങ്ങൾ

October **01 - 10** : പള്ളിയിൽ ജപമല

October **11 - 20** : വാർഡ് അടിസ്ഥാനത്തിൽ ജപമാല

October **21 - 31** : ഗ്രോട്ടോയിൽ ജപമാല

## ഒക്ടോബർ മാസത്തിലെ ജപമാല ഭക്തി

ജപമാല കൂടുതൽ ആഘോഷമായി നടത്തുവാൻ വേണ്ടി മാറ്റിവച്ചിരിക്കുന്ന മാസമാണല്ലോ ഒക്ടോബർ. കുടുംബ- ത്തിലുള്ള എല്ലാവരും ഒരുമിച്ചു കൂടി ജപമാലയർപ്പിക്കുന്നിടത്ത് ദൈവാനുഗ്രഹം പ്രത്യേകമാംവിധം വാർഷിക്കപ്പെടുന്നു എന്നതുപോലെ തന്നെ ഇടവകയിലും വിശ്വാസികൾ എല്ലാവരും തമ്മളുടെ ആതമീയ പിതാവായ വികാരിയച്ചനോടു ചേർന്ന് ജപമാല പ്രാർത്ഥന നടത്തുന്നതുവഴി ഇടവക ദൈവകൃപകൊണ്ട് നിറയുകയും ഇടവകയിൽ ഐക്യവും കൂട്ടായ്മയും സംജാതമാവുകയും ചെയ്യും. അതുകൊണ്ട് പതിവുപോലെ നമ്മുടെ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും കുടുംബ കൂട്ടായ്മകളിലും ആഘോഷപൂർവ്വം ജപമാല ചൊല്ലുന്ന കാര്യം പ്രത്യേകം ഓർമിപ്പിക്കുന്നു.

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
**(കോതമംഗലം രൂപതാ മെത്രാൻ)**

## ഒന്നാം സെമസ്റ്റർ വേദപാഠ പരീക്ഷ

**ഒക്ടോബർ 16, ഞായറാഴ്ച**

| | |
|---|---|
| Std. I - IX | **11:00** am – **01:00** pm |
| Std. X, XI, XII | **02:00** pm – **04:00** pm |

## PARISH NEWS

**കേരളാ സഭാ നവീകരണത്തോട് അനുബന്ധിച്ചുള്ള പെരിങ്ങഴ ഇടവകയുടെ പ്രാർത്ഥനാ ദിനം ഒക്ടോബർ 12, ബുധനാഴ്ച (രാവിലെ 6 മുതൽ വൈകിട്ട് 6 വരെ)**

# സഭാ വാർത്തകൾ

## നിയുക്ത മെത്രാന്മാരുടെ മെത്രാഭിഷേകം

**ചങ്ങനാശേരി:** ഷംഷാബാദ് രൂപതയുടെ നിയുക്ത സഹായ മെത്രന്മാരായ മോൺ. ജോസഫ് കൊല്ലംപറമ്പിലിന്റെയും മോൺ. തോമസ് പാടിയത്തിന്റെയും മെത്രാഭിഷേകം ഒക്ടോബർ ഒമ്പതിന് ഷംഷാബാദിൽ നടക്കും.

ബാഡംഗ്പേട്ട് ബാലാജിനഗറിലുള്ള സികെആർ ആൻഡ് കെടിആർ കൺവൻഷൻ സെന്ററിൽ രാവിലെ ഒമ്പതിനാണ് മെത്രാഭിഷേക ചടങ്ങുകൾ. സീറോ മലബാർ സഭാ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആല-ഞ്ചേരി മുഖ്യകാർമികത്വം വഹിക്കും.

മാനന്തവാടി രൂപതയുടെ സഹായമെത്രാനായി നിയമിതനായ മോൺ. അലക്സ് താരാമംഗലത്തിന്റെ മെത്രാഭിഷേകം നവംബർ ഒന്നിനു നടക്കും. മാനന്തവാടിയിലായിരിക്കും സ്ഥാനാരോഹണ കർമങ്ങൾ.

## ജോൺ പോൾ ഒന്നാമൻ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക്

33 ദിവസം മാത്രം മാർപാപ്പയായിരുന്ന ജോൺ പോൾ ഒന്നാമനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ആയിരങ്ങളെ സാക്ഷിയാക്കിയായിരുന്നു ഫ്രാൻസിസ് മാർപാപ്പയുടെ പ്രഖ്യാപനം. 'പുഞ്ചിരിക്കുന്ന പാപ്പ' എന്നറിയപ്പെടുന്ന ജോൺ പോൾ ഒന്നാമൻ 1978 ഓഗസ്റ്റ് 26 മുതൽ സെപ്റ്റംബർ 28 വരെയാണ് കത്തോലിക്കാ സഭയെ നയിച്ചത്. ഹൃദയാഘാതം മൂലമായിരുന്നു മരണം.

Continued...

## സീറോമലബാർ സഭയുടെ പ്രഥമ പൗരസ്ത്യ രത്നം അവാർഡ് മാർ ജോസഫ് പവ്വത്തിലിന്

സീറോമലബാർ സഭയുടെ പ്രഥമ പൗരസ്ത്യരത്നം അവാർഡിന് ചങ്ങനാശേരി അതിരൂപതയുടെ മുൻ ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ അർഹനായി. പൗരസ്ത്യ ആരാധനക്രമദൈവശാസ്ത്രം, ആരാധനക്രമകല, ആരാധനക്രമ സംഗീതം എന്നിവയിൽ ഏതെങ്കിലും തലത്തിൽ സംഭാവനകൾ നല്കിയവരെയാണ് അവാർഡിനായി പരിഗണിച്ചത്.

## ഇറ്റലി ആസ്ഥാനമായ സന്യാസിനീ സമൂഹത്തിന് മലയാളി മദർ ജനറൽ

ഇറ്റലി ആസ്ഥാനമായ ഒബ്ലേറ്റ് സിസ്റ്റേഴ്സ് ഓഫ് സെന്റ് അലോഷ്യസ് ഗോൺസാഗ (ഒഎസ്എൽ) സന്യാസിനീ സമൂഹത്തിന്റെ 23-ാം മദർ ജനറലായി കണ്ണൂർ ജില്ലയിലെ ഇരിട്ടി ചരൾ സ്വദേശിനി സിസ്റ്റർ മേഴ്സി പാംപ്ലാനി തെരഞ്ഞെടുക്കപ്പെട്ടു. ഇറ്റലിയിലെ ജനറലേറ്റിൽ നടന്ന ജനറൽ ചാപ്റ്ററിലാണു തെരഞ്ഞെടുപ്പ് നടന്നത്.

തലശേരി അതിരൂപതയുടെ അധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനിയുടെ പിതൃസഹോദരൻ പരേതനായ പാംപ്ലാനിയിൽ ജോസഫ് അന്നമ്മ ദമ്പതികളുടെ മകളാണു സിസ്റ്റർ മേഴ്സി. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനറൽ കൗൺസിലർമാരിൽ ആലപ്പുഴ സ്വദേശിനി സിസ്റ്റർ ആഗ്നസും (സെക്രട്ടറി) ഉൾപ്പെടുന്നു.


ഒറീസ്സ മിഷനിൽ പുതിയ ഭവനം ഏറ്റെടുത്ത് ശ്രുശ്രുഷ
ആരംഭിക്കുന്ന ജോസഫ് കൂനാനി അച്ചനും
ഡയസ്സ് പ്ലാത്തോട്ടത്തിൽ അച്ചനും പ്രാർത്ഥനാശംസകൾ
ST. JOSEPH'S PILGRIM CHURCH
Media Ministry, Peringuzha


REST IN PEACE
QUEEN ELIZABETH II
BRITAIN'S LONGEST-REIGNING MONARCH
1926-2022

**സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ**
മൗണ്ട് സെന്റ് തോമസ്, കാക്കനാട്

# സീറോമലബാർ മിഷൻ ഓഫീസും മതബോധന കമ്മീഷനും

സംയുക്തമായി നടത്തുന്ന

# MISSION QUEST

സഭയുടെ പ്രേഷിതദൗത്യത്തെ ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്ന ഓൺലൈൻ ക്വിസ് പ്രോഗ്രാം

**30 ഒക്ടോബർ ഞായറാഴ്ച 2022**

**06:00 PM**

## ആഗോളതലത്തിലെ വിജയികൾക്ക്

മതബോധന വിദ്യാർഥികൾക്കും മുതിർന്നവർക്കും വെവ്വേറെ സമ്മാനങ്ങൾ

**1-ാം സമ്മാനം**
₹10,000
\+
സർട്ടിഫിക്കറ്റ്

**2-ാം സമ്മാനം**
₹ 5,000
\+
സർട്ടിഫിക്കറ്റ്

**3-ാം സമ്മാനം**
₹ 3,000
\+
സർട്ടിഫിക്കറ്റ്

## അതിരൂപതാ/രൂപതാ തലത്തിലെ വിജയികൾക്ക്

| 1-ാം സമ്മാനം | 2-ാം സമ്മാനം | 3-ാം സമ്മാനം |
|---|---|---|
| ₹1,000 + സർട്ടിഫിക്കറ്റ് | ₹750 + സർട്ടിഫിക്കറ്റ് | ₹500 + സർട്ടിഫിക്കറ്റ് |

മതബോധന വിദ്യാർഥികൾക്കും മുതിർന്നവർക്കും വെവ്വേറെ സമ്മാനങ്ങൾ

MISSION QUEST

# നിർദ്ദേശങ്ങൾ | പഠനഭാഗങ്ങൾ

## നിർദ്ദേശങ്ങൾ

- മതബോധനവിദ്യാർഥികൾക്കും മുതിർന്നവർക്കും വെവ്വേറെ നടത്തപ്പെടുന്ന ഓൺലൈൻ മിഷൻ ക്വിസാണ് Mission Quest. ഗൂഗിൾ ഫോം ഉപയോഗിച്ചാണ് ഈ മത്സരം നടത്തപ്പെടുന്നത്
- സീറോമലബാർസഭയുടെ 35 രൂപതകളിലുള്ള മതബോധന വിദ്യാർഥികൾക്കും മുതിർന്നവർക്കും വെവ്വേറെ മത്സരങ്ങളും അതിനായി വെവ്വേറെ ഗൂഗിൾ ഫോം ലിങ്കുകളുമുണ്ട്
- ഗൂഗിൾ ഫോമിന്റെ ലിങ്കുകൾ സീറോമലബാർ മിഷന്റെ വെബ്സൈറ്റിൽ ലഭ്യമാക്കും: www.syromalabarmission.com
- 2022 ഒക്ടോബർ 30 ഞായറാഴ്ച്ച ഇന്ത്യൻ സമയം വൈകുന്നേരം 6 മണിമുതൽ 40 മിനിറ്റ് സമയത്തേക്കായിരിക്കും ഗൂഗിൾഫോം സജീവമാകുക
- ഭാരതത്തിനുപുറത്തുള്ള രൂപതകളുടെ സമയക്രമം അതാത് രൂപതകളുടെ മതബോധന കമ്മീഷൻ ഡയറക്ടർമാരിൽനിന്നും മിഷൻ ഓഫീസിന്റെ വെബ്സൈറ്റിൽ നിന്നും മനസിലാക്കാം
- മത്സരത്തിൽ പങ്കെടുക്കാൻ മുൻകൂർ രജിസ്ട്രേഷൻ ആവശ്യമില്ല. എന്നാൽ, മത്സരസമയത്ത് പേര്, ഇടവക, രൂപത, മൊബൈൽ ഫോൺനമ്പർ, ഇമെയിൽ എന്നിവ രേഖപ്പെടുത്തണം
- ഓരോചോദ്യത്തിനും നല്കപ്പെട്ടിരിക്കുന്ന ഉത്തരങ്ങളിൽ നിന്നും ശരിയായതുമാത്രം തിരഞ്ഞെടുക്കുക
- ബൈബിൾഭാഗത്തിന് പഠനസഹായിയോ സാമ്പിൾ ചോദ്യങ്ങളോ ഇല്ല. മറ്റുവിഭാഗങ്ങൾക്കുള്ള സാമ്പിൾ ചോദ്യങ്ങൾ ഒക്ടോബർ അഞ്ചാം തിയതിക്കുമുൻപായി www.syromalabarmission.com എന്ന വെബ്സൈറ്റിൽ ലഭ്യമാക്കും
- മത്സരവുമായി ബന്ധപ്പെട്ട സംശയങ്ങൾ ദുരീകരിക്കാൻ missionquest2022@gmail.com എന്ന ഇമെയിൽ പ്രയോജനപ്പെടുത്തുക
- ക്വിസ് മത്സരംസംബന്ധിച്ച് സീറോമലബാർ മിഷൻ ഓഫീസിന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കും

## പഠനഭാഗങ്ങൾ

| | വിദ്യാർഥികൾ | മുതിർന്നവർ | അനുപാതം | സഹായക ഉറവിടങ്ങൾ |
|---|---|---|---|---|
| 1. | വി. മത്തായുടെ സുവിശേഷം | വി. മത്തായുടെ സുവിശേഷവും റോമാക്കാർക്കുള്ള ലേഖനവും | 40% | POC Bible/ NRSV |
| 2. | ഇന്ത്യയും<br>വി. തോമാശ്ലീഹായും | ഇന്ത്യയും<br>വി. തോമാശ്ലീഹായും | 20% | പഠനസഹായിയും<br>മാതൃകാ ചോദ്യങ്ങളും:<br>**www.syromalabarmission.com** |
| 3. | വി. ലാസറസ്സ് ദേവസഹായം: ഇന്ത്യയിലെ ആദ്യത്തെ അൽമായ വിശുദ്ധൻ | വി. ലാസറസ്സ് ദേവസഹായം: ഇന്ത്യയിലെ ആദ്യത്തെ അൽമായ വിശുദ്ധൻ | 10% | മാതൃകാ ചോദ്യങ്ങൾക്ക്:<br>**www.syromalabarmission.com** |
| | പൊതുവിജ്ഞാനം<br>• സീറോമലബാർസഭ: ചരിത്രവും ഹയരാർക്കിയും<br>• സീറോമലബാർസഭയിലെ വിശുദ്ധരും, വാഴ്ത്തപ്പെട്ടവരും, ധന്യരും<br>• സീറോമലബാർസഭയുടെ പ്രേക്ഷിതദൗത്യവും മിഷൻ രൂപതകളും<br>• സഭയിലെ പ്രേക്ഷിത മുന്നേറ്റങ്ങൾ: മിഷൻ ലീഗ്, ഫിയാത്, ജീസസ് യൂത്ത് തുടങ്ങിയവ | പൊതുവിജ്ഞാനം<br>• സീറോമലബാർസഭ: ചരിത്രവും ഹയരാർക്കിയും<br>• സീറോമലബാർസഭയിലെ വിശുദ്ധരും, വാഴ്ത്തപ്പെട്ടവരും, ധന്യരും<br>• സീറോമലബാർസഭയുടെ പ്രേക്ഷിതദൗത്യവും മിഷൻ രൂപതകളും<br>• സഭയിലെ പ്രേക്ഷിത മുന്നേറ്റങ്ങൾ: മിഷൻ ലീഗ്, ഫിയാത്, ജീസസ് യൂത്ത് തുടങ്ങിയവ | 30% | മാതൃകാ ചോദ്യങ്ങൾക്ക്:<br>**www.syromalabarmission.com** |

**Syro-Malabar Mission (SyMM)**
Mount St Thomas, P.B.No. 3110
Kakkanad P.O, Kochi-682030
Mob: (+91)9496038700
Email: syromalabarassm@gmail.com
**www.syromalabarmission.com**

മിഷനെ അറിയുക...
മിഷനറിയാവുക...

# ഒക്ടോബർ 01
# വി. കൊച്ചുത്രേസ്യ പുണ്യവതിയുടെ തിരുന്നാൾ

ചെറുപുഷ്പം എന്ന് പേരിൽ അറിയപ്പെടുന്ന ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ 1873 ജനുവരി രണ്ടിന് ഫ്രാൻസിലെ അലൻസോണിൽ ജനിച്ചു. തെരേസക്ക് നാല് വയസുള്ളപ്പോൾ അമ്മ മരിച്ചുപോയി. ഒരു മാതൃകാ ക്രിസ്തീയ കുടുംബത്തിലാണ് അവൾ വളർന്നത്. ഒരു ചെറിയ കുട്ടിയായിരിക്കുമ്പോൾത്തന്നെ കന്യാമഠജീവിതം അവളെ ആകർഷിച്ചിരുന്നു. പതിനഞ്ചാമത്തെ വയസിൽ കർമലീത്ത മഠത്തിൽ ചേരുവാൻ അനുവാദം ലഭിച്ചു. സാധാരണ ദൈനംദിന ജോലി-കൾ പരിപൂർണ വിശ്വാസത്തോടെ ചെയ്തും ദൈവത്തിന്റെ




പരിപോഷണത്തിലും കാരുണ്യസ്നേഹത്തിലും നിഷ്കളങ്കമായ കുഞ്ഞിന്റേതുപോലുള്ള മനോഭാവത്തിലും സദാസമയവും മറ്റുള്ളവരെ സേവിക്കാനുള്ള സന്നദ്ധതയിലും അവൾ വിശുദ്ധിയുടെ ഉന്നതശ്രേണിയിലെത്തി. സഭയോട് ഏറെ സ്നേഹവും ജനങ്ങളെ സഭയിലേക്ക് ചേർക്കുവാൻ അതിയായ ആവേശവും അവർ പുലർത്തിയിരുന്നു. ഇരുപത്തിനാലാം വയസിൽ 1897 സെപ്റ്റംബർ 30-ന് ക്ഷയരോഗംമൂലം അവൾ നിര്യാതയായി. 1925മെയ് 17 ന് പീയൂസ് പതിനൊന്നാം പാപ്പ കൊച്ചു ത്രേസ്യയെ വിശുദ്ധയായി ഉയർത്തി.1997 ഒക്ടോബർ 19 ന് പോപ്പ് ജോൺപോൾ രണ്ടാമൻ വിശുദ്ധയെ വേദപാരംഗതരുടെ ഗണത്തിൽ ഉൾപ്പെടുത്തി.

# ആദരാഞ്ജലികൾ



**മേരി മാത്യു (78)**
**ചേറ്റൂർ**
പെരിങ്ങഴ



**സെബാസ്റ്റ്യൻ ഉലഹന്നാൻ (72)**
**(ബേബി)**
**മാടശ്ശേരിൽ** പെരിങ്ങഴ



ജോസഫ് ഔസേഫ് (65)
കരോട്ട് വില്ലാട്ട്
പെരുമ്പല്ലൂർ



"ഞാൻ നിങ്ങളിൽ നിന്നും അകന്നിരിക്കുന്നുവെങ്കിലും നിത്യതയിൽ നമ്മൾ ഒരുമിക്കുന്നത് വരെ എനിക്കായി പ്രാർത്ഥിക്കേണമേ".

**ലൂസിയാമ്മ മാത്യു പിട്ടാപ്പിള്ളിൽ(89)**

20th
Death Anniversarry
13/10/2022



# Kathreena Mathai Nadiviledam

( 1908 - 2002)

*Those we love don't go away,*
*they walk beside us every day:*
*Unseen unheard, but always near,*
*still loved, still missed*
*and very dear.*

# തിരുകർമ്മങ്ങളുടെ സമയക്രമം

| | | | |
|---|---|---|---|
| തിങ്കൾ - ശനി: | | 6.15 am | വി. കുർബാന |
| ചൊവ്വ | : | 6.15 am | വി. കുർബാന,<br>വി. അന്തോണിസിന്റെ നൊവേന |
| ബുധൻ | : | 6.00 am | മാർ യൗസേപ്പിതാവിന്റെ പിതാപാത,<br>വി. കുർബാന, നൊവേന |
| | | 10.00 am | മാർ യൗസേപ്പിതാവിന്റെ പിതാപാത,<br>വി. കുർബാന, നൊവേന |
| ഞായർ | : | 6.45 am | വി. കുർബാന |
| | | 9.45 am | വി. കുർബാന |

നിങ്ങളുടെ കുടുംബാംഗങ്ങളുടെയും പ്രിയപ്പെട്ടവരുടെയും ജന്മദിനം, മാമോദിസ, വിവാഹം, വിവാഹവാർഷികം, ചരമവാർഷികം തുടങ്ങിയവ പ്രതിമാസ ഇ-ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ ഫോട്ടോയും വിശദ വിവരങ്ങളും താഴെ നൽകിയിരിക്കുന്ന നമ്പറിലേക്ക് ഈ മാസം 20-)ം തിയതിക്ക് മുമ്പായി വാട്സാപ്പ് ചെയ്യുക.

**ജോർജ്ജ് പോൾ പൊരുന്നേടം**

**+91 9288164199**

# October 2022

**01 Saturday**

## വിശുദ്ധ കൊച്ചുത്രേസ്യ പുണ്യവതി
(ജപമാല വണക്കമാസാരംഭം)



- നിയ 32:8-12
- ഏശ 66:12-18 (66:12-24)
- എഫേ 3:14-19
  2 പത്രോ 3:10-13
- മത്താ 18:1-5
  മത്താ 4:12-17

**02 Sunday**

## കാവൽമാലാഖ



- ഉത്പ 41:37-45
- പ്രഭാ 47:2-3, 8-11
- ഹെബ്രാ 1:1-4
  അപ്പ 12:6-11
- യോഹ 12:27-36
  മത്താ 18:10-14

**03 Monday**

## വിശുദ്ധ തിയോഡോറ ഗ്വെറിൻ

- 1 യോഹ 4:1-6
- യോഹ 3:31-36

**04 Tuesday**

## വിശുദ്ധ ഫ്രാൻസിസ് അസ്സീസി



- നിയ 15:7-11
- ഏശ 6:1-7
- ഗലാ 6:14-17
  ഹെബ്രാ 2:5-10
- മത്താ 11:25-30
  ലൂക്കാ 14:7-11

**05 Wednesday**

## വിശുദ്ധ മരിയ ഫൗസ്റ്റീന കൊവാൽസ്ക

- ഫിലി 1:19-26
- യോഹ 13:31-35

**06 Thursday**

## വിശുദ്ധ ബ്രൂണോ

- ഫിലി 2:5-11
- യോഹ 17:1-8



**07**
Friday

**വിശുദ്ധ ജപമാലയുടെ രാജ്ഞി**
**(ആദ്യവെള്ളി)**

- റോമ 8:12-17
- യോഹ 17:9-19

**08**
Saturday

**വിശുദ്ധ ജോൺ ലിയോനാർഡി**

- 2 കോറി 3:12-18
- യോഹ 17:20-26

**09**
Sunday

**വിശുദ്ധ ഡെനിസും കൂട്ടാളികളും**

- പുറ 20:18-21
- ജോയേ 2:1-11
- ഹെബ്രാ 10:19-25
- മത്താ 25:31-46

**10**
Monday

**വിശുദ്ധ ഫ്രാൻസിസ് ബോർജിയ**

- 1 കോറി 15:29-34
- യോഹ 5:24-29

**11**
Tuesday

**വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ**

- റോമാ 3:1-8
- ലൂക്കാ 15:11-32

**12**
Wednesday

**വാഴ്ത്തപ്പെട്ട ഫ്രാൻസിസ് സേവ്യർ സീലോസ്**

- ഹെബ്രാ 12:25-29
- മർക്കോ 13:24-31

**13**
Thursday

**വാഴ്ത്തപ്പെട്ട മേരി-റോസ് ഡ്യൂറോച്ചർ**

- 1 പത്രോ 1:13-21
- മത്താ 15:1-9

## 14 Friday

### വാഴ്ത്തപ്പെട്ട കാർലോ അകുറ്റിസ്

- 1 തെസ 5:1-11
- മത്താ 24:43-51



## 15 Saturday

### ആവിലയിലെ വിശുദ്ധ തെരേസ

- നിയ 11:13-17
- ഏശ 61:10-11
- കൊളോ 2:20 - 3:4
  2 പത്രോ 3:14-18
- യോഹ 14:18-24
  ലൂക്കാ 14:15-24



## 16 Sunday

### വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ

- ഉത്പ 12:1-4
  ഉത്പ 19:23-29
- ഏശ 44:1-4
  മലാ 4:-6
- 1 പത്രോ 4:12-19
  1 തെസ 4:13-18
- യോഹ 10:1-15
  ലൂക്കാ 21:20-28



## 17 Monday

### അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസ്

- 2 സാമു 22:31-35
- ജ്ഞാനം 3:1-6
- റോമാ 8:35-39
  ഫിലി 4:1-9
- യോഹ 12:20-26
  ലൂക്കാ 21:29-36



**18**
**Tuesday**

## വിശുദ്ധ ലൂക്കാ സുവിശേഷകൻ



- തോബി 12:6-13
- പ്രഭാ 38:1-9
- കൊളോ 4:10-15
  (+ 2 കോറി 8:16-24)
  വെളി 14:6-13
- ലൂക്കാ 10:1-9
  മത്താ 3:1-12

**19**
**Wednesday**

## വിശുദ്ധരായ ഐസക് ജോഗ്സ്, ജീൻ ഡി ബ്രെബ്യൂഫ്, ഒപ്പം കൂട്ടാളികളും

- യാക്കോ 1:12-18
- ലൂക്കാ 15:1-10

**20**
**Thursday**

## വിശുദ്ധ കുരിശിന്റെ വിശുദ്ധ പോൾ

- ഫിലി 2:12-18
- ലൂക്കാ 13:22-30

**21**
**Friday**

## വിശുദ്ധ ഹിലേറിയൻ

- എഫേ 2:1-10
- യോഹ 12:44-50

**22**
**Saturday**

## വിശുദ്ധ ജോൺ പോൾ രണ്ടാമൻ

- ഫിലി 1:27 – 2:4
- ലൂക്കാ 9:49-56



**23**
**Sunday**

## കാപിസ്ട്രാനോയിലെ വിശുദ്ധ ജോൺ (മിഷൻ ഞായർ)

- നിയ 11:1-7
- ജ്ഞാനം 6:1-10
- 1 തെസ 5:12-24
  1 കോറി 9:13-18
- മത്താ 12:22-32
  മത്താ 10:1-15



**24**
Monday

**വിശുദ്ധ ആന്റണി മേരി ക്ലാരറ്റ്**

- 2 തെസ 2:1-12
- മത്താ 24:1-8

**25**
Tuesday

**വിശുദ്ധ അന്റോണിയോ ഡി സാന്റാന ഗാൽവോ**

- 2 കോറി 11:12-15
- മത്താ 24:23-28

**26**
Wednesday

**അൽകന്റാരയിലെ വിശുദ്ധ പീറ്റർ**

- 2 പത്രോ 2:1-10
- മർക്കോ 13:1-8,21-23

**27**
Thursday

**വിസെൻസയിലെ വാഴ്ത്തപ്പെട്ട ബർത്തലോമിയോ**

- യൂദാ 1:8-16
  ലൂക്കാ 11:37-44

**28**
Friday

**വിശുദ്ധരായ സൈമൺ യൂദാ തദേവൂസ് ശ്ലീഹന്മാർ**

- പുറ 15:11-13
- ജ്ഞാനം 10:15-21
- എഫേ 6:10-17
  2 കോറി 12:14-15, 19-21
- യോഹ 15:18-25
  ലൂക്കാ 11:45-54



**29**
Saturday

**ജറുസലേമിലെ വിശുദ്ധ നാർസിസസ്**

- 1 കോറി 3:10-17
- മത്താ 13:34-43

**30**
**Sunday**

### വിശുദ്ധ അൽഫോൻസസ് റോഡ്രിഗസ്
(പള്ളികൂദാശകാലാരംഭം)

- പുറ 33:1-11
- ഏശ 40:21-31
- ഹെബ്രാ 9:1-14
- മത്താ 25:1-13

**31**
**Monday**

### റീജൻസ്ബർഗിലെ വിശുദ്ധ വുൾഫ്ഗാംഗ്

- 2 കോറി 4:13-18
- യോഹ 16:16-24

## Follow Us on Social Media:

**പെരിങ്ങഴ തീർത്ഥാടന ഇടവകയുടെ സാമൂഹ്യ മാധ്യമ പേജുക**

**സന്ദർശിക്കുവാൻ QR കോഡ് സ്കാൻ ചെയ്യുക.**

Facebook Instagram Twitter

Website ` Youtube



## നവംബർ 01

# പെരിങ്ങഴ ഇടവകയുടെ കല്ലിട്ട തിരുനാൾ

- എ.ഡി 1864 നവംബർ 01ന് പെരിങ്ങഴ പള്ളി സ്ഥാപിതമായി
- ബ. മാർസെല്ലിനോസ് മൂപ്പനച്ചനും ബ. കാന്തിദൂസച്ചനും ചേർന്ന് മടത്തുംചാലിൽ എളച്ചി വക പുരയിടത്തിൽ പെരിങ്ങഴ പള്ളിക്ക് തറക്കല്ലിട്ടു.
- വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള സിറോ മലബാർ സഭയിലെ ആദ്യത്തെ അഞ്ച് പ്രധാന ഇടവകകളിലൊന്നാണ് പെരിങ്ങഴ.
- വിശുദ്ധ യൗസേപ്പിന്റെ നാമത്തിൽ സ്ഥാപിതമായ കോതമംഗലം രൂപതയിലെ ആദ്യത്തെ ഇടവകയും പെരിങ്ങഴ തന്നെ.
- സഭയുടെ സംരക്ഷകനായി മാർ യൗസേപ്പിനെ പ്രഖ്യാപിക്കുന്നതിന് മുന്നേ തന്നെ പെരിങ്ങഴ ഇടവക സ്ഥാപിതമായി എന്നത് വിശുദ്ധനോടുള്ള ഇവിടുത്തുകാരുടെ വിശ്വാസത്തിന് സാക്ഷ്യം നൽകുന്നു
- മാർ യൗസേപ്പിന്റെ ജീവിതത്തിലെ ഏഴ് വ്യാകുലങ്ങളെയും സന്തോഷങ്ങളെയും അടിസ്ഥാനമാക്കിയുള്ള പിതാപാത അതിന്റെ പൂർണതയിൽ ആദ്യമായി സ്ഥാപിതമായിരിക്കുന്നതും പെരിങ്ങഴയിലാണ്
- പുരാതന ഇടവക എന്ന നിലയിൽ നിരവധി സമീപ ഇടവകകളുടെ മാതൃഇടവക കൂടിയാണ് പെരിങ്ങഴ
- 2021ൽ, പെരിങ്ങഴ ഇടവകയെ കോതമംഗലം രൂപതയുടെ ഔദ്യോഗിക തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചു
- പള്ളിയങ്കണത്തിലുള്ള വി. യൗസേപ്പിതാവിന്റെ അതിപുരാതനമായ തിരുസ്വരൂപം അനേകായിരങ്ങൾക്ക് അനുഗ്രഹവും ആശ്വാസവുമായി നിലകൊള്ളുന്നു


**എല്ലാവർക്കും**

**കല്ലിട്ട തിരുനാളിന്റെ**

**പ്രാർത്ഥനാ മംഗളങ്ങൾ ആശംസിക്കുന്നു...**

# *You shall be my witnesses*

***(Acts 1:8)***



# World Mission Sunday

## October 23, 2022

## Pontifical Mission Societies

## The Society for the Propagation of the Faith


2219 Kennedy Road, Toronto Ontario, M1T 3G5

www.missionsocieties.ca